സാഹിത്യവീഥി.

കേരള കാളിദാസനോ ഗദ്യജനയിതാവു്?

(ചിത്രമെഴുത്തു കെ. എം. വറുഗീസ്)

I

കഴിഞ്ഞ ധനു 18-ാംനു-യിലെ മനോരമയിൽ "കേരള കാളിദാസനും കേരളവ്യാസനും" എന്ന തലക്കെട്ടിൽ ... ലേഖനത്തിൽ മി. അയ്യർക്കു പററിപ്പോയിട്ടുള്ള ഒരു പ്രമാദത്തെ തിരുത്തണമെന്നേ ഈ ലേഖനം കൊണ്ടു ഞാൻ ഉദ്ദേശിക്കുന്നുള്ളു. "പദ്യസാഹിത്യത്തിൻെറ ജനയിതാവ് എഴുത്തച്ഛനായിരിക്കുന്നതുപോലെ ഗദ്യസാഹിത്യത്തിൻെറ ജനയിതാവു കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടാണെന്നും, "സന്മാർഗ്ഗപ്രദീപം, വിജ്ഞാനമഞ്ജരി, അക്ബർ മുതലായവയാണ് ഗദ്യസാഹിത്യചരിത്രത്തിലെ ആദിമകാവ്യങ്ങളെന്നും "ഇവയെ തുടർന്നാണ് ഉപന്യാസങ്ങൾ, വിമർശകസാഹിത്യം, ആഖ്യായികാനിർമ്മാണം, എന്നിവ മലയാളത്തിലുണ്ടായിട്ടുള്ളതെ"ന്നും മി. ശങ്കരയ്യർ പ്രസ്താവിക്കുന്നതിനോടു ഞാൻ യാതൊരു വിധത്തിലും യോജിക്കുന്നില്ല. എനിക്കെന്നല്ല മലയാളഗദ്യസാഹിത്യത്തിൻെറ ചരിത്രം സൂക്ഷ്മമായി പഠിച്ചിട്ടുള്ള യാതൊരുത്തനും ഈ അഭിപ്രായത്തോടു യോജിപ്പാൻ കഴികയില്ലെന്നും ഞാൻ വിശ്വസിക്കുന്നു. ഈ കാര്യത്തിൽ മി. ശങ്കരയ്യർക്കു മാത്രമല്ല, മലയാളഭാഷാചരിത്രകർത്താവായ മി. ഗോവിന്ദപ്പിള്ളയ്ക്കും, ഭാഷാസാഹിത്യ ചരിത്രകർത്താക്കന്മാരായ മി. ശങ്കരൻ നമ്പ്യാർക്കും മി. ആർ. നാരായണപ്പണിക്കർക്കു തന്നെയും മലയാളഗദ്യസാഹിത്യചരിത്രത്തെ അത്ര വിസ്തൃതരീതിയിൽ വിവരിപ്പാൻ കഴിഞ്ഞിട്ടില്ലെന്നു പറയേണ്ടി വന്നതിൽ അതിയായ മനസ്താപമുണ്ട്. പക്ഷേ ഇക്കാര്യത്തിൽ ഇവരാരും തന്നെ അപരാധികളല്ലെന്നു സമാധാനിക്കാം. എന്തെന്നാൽ ആധുനികമലയാളഗദ്യസാഹിത്യത്തിൻെറ ചരിത്രം ആരംഭിക്കുന്നതു കൊല്ലം 1042-ാമാണ്ടു കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു തിരുവിതാംകൂർ ബുക്കുകമ്മട്ടിപ്രസിഡണ്ടായകാലം മുതൽക്കാണെന്നുള്ള തെററിദ്ധാരണയോടുകൂടി മലയാളഗദ്യസാഹിത്യചരിത്രം അന്വേഷിപ്പാൻ പുറപ്പെട്ടിട്ടുള്ളവർക്കൊക്കെ ഈ ഒരു കാട്ടചുററൽ സംഭവിച്ചിട്ടുള്ളതാണ്. പദ്യസാഹിത്യത്തിനായാലും ഗദ്യസാഹിത്യത്തിനായാലും അവയ്ക്കു ഹിന്ദുമതത്തിനു പുറമെ ജീവിതം സാദ്ധ്യമല്ലെന്നുള്ള മിഥ്യാബോധത്തോടുകൂടിയോ മേൽപറഞ്ഞ മാന്യന്മാർ നിഷ്പക്ഷബുദ്ധിയോടുകൂടിത്തന്നെയെങ്കിലും ഗദ്യസാഹിത്യചരിത്രപരിശോധനാരംഗത്തിൽ പര്യടനം ചെയ്തിട്ടുള്ളതെന്നു പറയാതെ നിവൃത്തിയില്ല. മലയാളഭാഷാസാഹിത്യത്തെക്കുറിച്ച് ഒരു അഭിപ്രായം പറവാൻ അർഹതയുള്ള ആളെന്നു പരക്കെ സമ്മതിക്കപ്പെട്ടിരിക്കുന്ന ദേഹവും, ഗദ്യസാഹിത്യപ്പഴമയെപ്പററി പലതും അറിവുള്ള ഒരു വിമർശകവീരനുമായ രാജശ്രീ മൂർക്കോത്തു കുമാരൻ അവർകൾ തന്നെയും, കഴിഞ്ഞ കൊല്ലം, കൊല്ലം പട്ടണത്തിൽ വച്ചു നടത്തപ്പെട്ട സമസ്തകേരളസാഹിത്യപരിഷത്തിൽ ചെയ്തതായ അദ്ധ്യക്ഷപ്രസംഗത്തിൽ ചെങ്ങന്നൂർതാലൂക്കിൽ ജനിച്ചു വളർന്ന ഒരു ഒന്നാന്തരം സുറിയാനിക്രിസ്ത്യാനിയായ വൈയാകരണൻ ഗീവറുഗീസു കത്തനാർ (റവ. ജോർജ്ജ് മാത്തൻ) അവർകൾ ഒരു യൂറോപ്യനാണെന്ന് എഴുതിപ്പിടിപ്പിച്ചിട്ടുള്ളതും, കേരളത്തിലെ വൃത്താന്തപത്രങ്ങളും മാസികകളുമൊക്കെയാതൊരു വിചാര[illegible]ം കൂടാതെ അതു പച്ചയ്ക്കു പ[illegible]ച്ചിരിക്കുന്നതും ആലോചി[illegible]ച്ചാ[illegible]ളഗദ്യ സാഹിത്യചരിത്രത്തി[illegible] ഉള്ളിലേക്കു തലപൊന്തിച്ചു ശരിക്കു നോക്കാൻ നമ്മുടെ സാഹിത്യ[illegible]രന്മാരാരും തന്നെ ഈ നിമിഷംവരെ[illegible]ക്കും ഉദ്യമിച്ചിട്ടില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. മലബാർ ദേശിയനായ മി. മൂർക്കോത്തു കുമാരൻ മലയാളസാഹിത്യചരിത്രം അന്വേഷിപ്പാൻ പുറപ്പെട്ടപ്പോൾ അദ്ദേഹത്തിൻെറ ചിന്താകേന്ദ്രം പ്രായേണ വടക്കൻ മലബാർ മാത്രമായി പരിണമിച്ചതിൽ അൽഭുതപ്പെടേണ്ടതില്ല. അങ്ങ[illegible] നമ്പ്യാർ അവർകളും മലയാളഗദ്യസാഹിത്യവല്ലി ഹിന്ദുസമുദായത്തിനു പുറമെ തളിർ വീശിയിട്ടുണ്ടോ എന്ന് അന്വേഷിക്കാഞ്ഞതിലും വല്ലായ്മപ്പെടേണ്ടതില്ല. എന്നാൽ ഒരു തിരുവിതാംകൂറുകാരനായ മി. ആർ. നാരായണപ്പണിക്കർ, തൻെറ നാട്ടിലെ ഒരു പഴയ അച്ചുകൂടസ്ഥാപനമായ കോട്ടയം സി. എം. എസ്സ് പ്രസ്സിനും മലയാള ഗദ്യസാഹിത്യചരിത്രത്തിനും തമ്മിൽ എന്തെങ്കിലും സംബന്ധമുണ്ടോ എന്ന് അന്വേഷിക്കാഞ്ഞതു് അൽപ്പ സാഹസമായിപ്പോയില്ലേ എന്നു ശങ്കിക്കുന്നു. ചുരുക്കത്തിൽ മലയാളഗദ്യസാഹിത്യചരിത്രം ആരായുവാൻ പുറപ്പെട്ടിട്ടുള്ളവരൊക്കെ തങ്ങൾക്കു പരിചയപ്പെട്ടിട്ടുള്ള മതത്തെയും പരിചയപ്പെട്ടിട്ടുള്ള ദേശത്തെയും പരിചയപ്പെട്ടിട്ടുള്ള പരിധികളെയും പരിചയപ്പെട്ടിട്ടുള്ള അച്ചുകൂടസ്ഥാപനങ്ങളെയും അതിലംഘിച്ചു് ഒരു വിദൂരവീക്ഷണം നടത്താൻ ഇന്നോളവരെയ്ക്കു് ഉൽസാഹിച്ചിട്ടുള്ളതായി കാണുന്നില്ല. ഈ സമ്പ്രദായം അത്യന്തം ലജ്ജാവഹമാണെന്നു പറയാതെ കഴികയില്ല.

പദ്യസാഹിത്യത്തിൻെറ ജനയിതാവു് എഴുത്തച്ഛനായിരിക്കുന്നതു പോലെ ഇന്നത്തെ മലയാളഗദ്യസാഹിത്യത്തിൻെറ ജനയിതാവു കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടാണോ; മി. ശങ്കരയ്യർ പറയുംപോലെ സന്മാർഗ്ഗപ്രദീപം, വിജ്ഞാനരഞ്ജിനി, അക്ബർ മുതലായവയാണോ ഭാഷയിലെ ആദിമഗദ്യകാവ്യങ്ങൾ; ഉപന്യാസങ്ങൾ, വിമർശനസാഹിത്യം മുതലായവ മേൽപ്പറഞ്ഞവയെ തുടർന്നുണ്ടായിട്ടുള്ളവയാണോ; ഈ മൂന്നു ചോദ്യശൃംഗങ്ങളാണ് ഇവിടെ പര്യാലോചനാ വിഷയങ്ങളായിരിക്കുന്നതു്. കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഒരു മഹാകവിയും മലയാളസാഹിത്യത്തിൻെറ അഭിവൃദ്ധിക്കായി അത്യധികം വേലചെയ്തിട്ടുള്ള ഒരു സാഹിത്യപ്രണയിയുമാണെന്നു സമ്മതിക്കാത്തവരായി കേരളഭൂമിയിൽ ആരും തന്നെ ഉണ്ടായിരിക്കയില്ല. ഉത്തമങ്ങളും സ്വതന്ത്രകൽപ്പനങ്ങളുമായ പല ഗദ്യപദ്യഗ്രന്ഥങ്ങൾ അവിടുന്നു ഭാഷാ കുടുംബത്തിലേക്കു ദാനം ചെയ്തിട്ടുണ്ടെന്നുള്ള വാസ്തവം ആർക്കും തന്നെ മറന്നു കൂടുന്നതല്ല. എന്നാൽ അതുകൊണ്ടു് അവിടുന്നു് ഇന്നത്തെ മലയാളഗദ്യത്തിൻെറ ജനയിതാവാണെന്നു വന്നു കൂടണമെന്നില്ല. അണ്ണം, ഉണ്ണം; അലകും പിടിയും കെട്ടും മട്ടുമില്ലാത്ത ഒരു നിലയിൽ നിന്നു മലയാളഗദ്യസാഹിത്യത്തെ ഉന്നമിപ്പിച്ച [illegible]തങ്കിലും ഒരു കൈരളീഭക്തനാണു ഗദ്യജനകസ്ഥാനത്തിനു് അർഹതയുള്ളതെങ്കിൽ അക്കൂട്ടത്തിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ പേരിനു യാതൊരു പ്രസക്തിയുമില്ലെന്നു ഞാൻ അത്യന്തം താഴ്മയോടുകൂടി പറഞ്ഞുകൊള്ളട്ടെ. നേരെ മറിച്ചു ഗദ്യസാഹിത്യപരിപോഷണത്തെ സംബന്ധിച്ചാണെങ്കിൽ ഭാഷാശിശു മുട്ടിന്മേൽ പൊന്തുന്നതായ പ്രാരംഭകാലഘട്ടത്തിൽ അവിടത്തെ സാഹിത്യപരിശ്രമങ്ങൾ അത്യധികം അനർഘതരവും അതിശ്രേഷ്ഠതമവുമായിരുന്നുവെന്നു കൃതജ്ഞതാപൂർവം സമ്മതിക്കാനുള്ളതാണ്. മലയാളഗദ്യസാഹിത്യത്തിൻെറ ആദിമചരിത്രം ആലോചിച്ചാൽ പിൽക്കാലത്തുണ്ടായിട്ടുള്ള ഗദ്യസാഹിത്യപരിപോഷണപരിശ്രമങ്ങൾ യാതൊന്നും തന്നെ അവിടത്തെ സാഹിത്യപരിശ്രമങ്ങളെ അതിശയിക്കുന്നവയല്ലെന്നു ധൈര്യസമേതം പറയാവുന്നതാണ്. അതിനാൽ "കേരളവർമ്മ ദേവൻ" ഗദ്യസാഹിത്യത്തിൻെറ ജനയിതാവെന്നല്ല, അതിൻെറ പ്രാരംഭദശാ പരിപോഷകൻ എന്ന പേരിനെയാണു വാസ്തവത്തിൽ അർഹിക്കുന്നതെന്നു ഞാൻ വിനയപൂർവം പറഞ്ഞുകൊള്ളുന്നു.

ഈ അനുമാനം ശരി തന്നെയോ, വലിയ കോയിത്തമ്പുരാൻ ഗദ്യസാഹിത്യപരിപോഷണത്തിനായി തുനിയും മുമ്പ് ഇന്നത്തെ മലയാളഗദ്യത്തിനു് ആരെങ്കിലും പിതൃത്വം വഹിച്ചിട്ടുണ്ടോ, ആരെങ്കിലും അതിനു അലകും പിടിയും ഇട്ടിട്ടുണ്ടോ, ആരെങ്കിലും അതിനു രീതിയും രൂപവും വരുത്തീട്ടുണ്ടോ, ഇത്യാദ്യചോദ്യം ഈ പ്രശ്നത്തിനു് ഉണ്ടെങ്കിൽ ഞാൻ സധൈര്യം മറുപടി പറയുന്നു. കേരളവർമ്മ തിരുമേനി തൻെറ ഇരുപത്തിരണ്ടാമത്തെ തിരുവയസ്സിൽ തിരുവിതാംകൂർ ബുക്കുകമ്മട്ടി പ്രസിഡണ്ട് എന്ന നിലയിൽ മലയാള ഗദ്യസാഹിത്യരംഗത്തു വലത്തു കാൽ വയ്ക്കും മുമ്പു—വളരെ മുമ്പു—അത്യുത്തമങ്ങളായ അഞ്ചു വിശിഷ്ട ഗ്രന്ഥങ്ങളും അനേകം ഉപന്യാസങ്ങളും ഒന്നാന്തരം വിമർശനങ്ങളും എഴുതി ഇന്നു കാണുന്നതായ മലയാളഗദ്യത്തിനു് അസ്തിവാരമിട്ട ഒരു പണ്ഡിതകേസരിയുടെ പേരാണ് ഈ അവസരത്തിൽ എനിക്കു പറവാനുള്ളതു്. പക്ഷെ ഒരു അക്രൈസ്തവനാമധേയം കൊണ്ടു വായനക്കാരെ സന്തോഷിപ്പിപ്പാൻ ഈ അവസരത്തിൽ എനിക്കു കഴിയാതെ വന്നതിൽ മനസ്താപിക്കുന്നു. എന്നിരിക്കിലും മലനാട്ടു നസ്രാണികൾ ഇവിടത്തെ നായരും നമ്പൂതിരിയും മതപരിവർത്തം ചെയ്തവരാണെന്നുള്ള ചരിത്രസംബന്ധമായ വാസ്തവത്തെ സമ്മതിക്കുന്നവർ ഒരു ക്രൈസ്തവനാമശ്രവണത്തിൽ സൗമുഖ്യം പ്രദർശിപ്പിക്കുമെന്നു തന്നെയാണു് എൻെറ വിശ്വാസം.

ഭാഷാനിരീക്ഷണം.

(ററി. കെ. ജോസഫ് ബി. എ. എൽ. ററി.)

൧. വയ്ക്കും, വയ്യാ

നിഷേധാർത്ഥമുള്ള വയ്യാ എന്നതിൻെറ അനുവാദകരൂപമായി വയ്ക്കും എന്നൊരു രൂപം വടക്കുണ്ടെന്നു കേട്ടിട്ടുണ്ട്. അവിടെ (തെക്കേ മലബാറിൽ) തന്നെ വയ്യാ എന്നോ വയ്യും എന്നോ ഉള്ള നിഷേധരൂപങ്ങളുണ്ടോ?

വഹിക്കും, സഹിക്കാം, വഹിയാ—വയ്ക്കും, വയ്യും, വയ്യാ എന്നിങ്ങനെ ആയതാണോ?

സാധിക്കും എന്ന സംസ്കൃതത്തിനു പകരം വഹിക്കും എന്ന സംസ്കൃതമാണല്ലോ വടക്കു് ഉപയോഗിക്കുന്നതു്. സാധിക്കും, സാധിക്കയില്ല എന്നിവയ്ക്കു ദ്രാവിഡവാക്കുകൾ മലയാളത്തിലും നടപ്പില്ലേ?

൨. ഭട്ടർ, ഭട്ടതിരി

ഭട്ടൻ തന്നെയാണു പട്ടൻ ആയതു്. ഭട്ടശബ്ദം പണ്ടു മലയാളം ഒട്ടുക്കു ബ്രാഹ്മണാർത്ഥം ഉപയോഗിച്ചു വന്നതാണ്. ഇപ്പോൾ പാലക്കാട്ടും മററും ബ്രാഹ്മണാർത്ഥം ഉപയോഗിച്ചു വരുന്നുണ്ട്. ഭട്ടബാണൻ, കുല്ലൂകഭട്ടൻ, നാരായണഭട്ടപാദർ മുതലായ സംസ്കൃതപ്പേരുകളിൽ ഭട്ടൻ ഇന്നും ബ്രാഹ്മണനോടുകൂടിത്തന്നെ നിലനിൽക്കുന്നു.

മലയാളബ്രാഹ്മണരിൽ ഭട്ടതിരി അല്ലെങ്കിൽ പട്ടേരി എന്നൊരു വർഗ്ഗം ഉണ്ട്. ആ പേരു് ഇന്നും ബ്രാഹ്മണമുള്ളതു തന്നെ. പട്ടേരിമാർ തച്ചേരിയിലും ഉണ്ടായിരിക്കാം.

തെക്കൻതിരുവിതാംകൂറിൽ പട്ടാര്യന്മാർ എന്നൊരു വക നെയ്ത്തുജാതിക്കാരുണ്ട്. പട്ടു നെയ്യുന്ന ആര്യന്മാർ എന്നാണു ചിലർ അതു വ്യാഖ്യാനിക്കുന്നതു്. സംസ്കൃതത്തിലെ ഭട്ടാരകൻ സ്ഥാനം പട്ടാര്യൻ ആയി എന്നു വരരുതോ? വെറും നെയ്ത്തുകാർക്കു ഭട്ടാരകസ്ഥാനം കിട്ടുമോ എന്നു സംശയിക്കണ്ടാ, മലയിലെ ഒരു കാട്ടുജാതിക്കു പോലും അരയ (അരച, രാജ) സ്ഥാനം കാണുന്നുണ്ടല്ലോ. കലം മനയുന്ന കുശവനു വേളാൻ എന്ന സ്ഥാനവും വാദ്യം കൊട്ടുന്ന ഒരു ജാതിക്കു മാരായൻ (മാരാൻ) സ്ഥാനവും തിരുവിതാംകൂറിലുണ്ട്. വേൾ (വേളാൻ) മുടി ചൂടാത്ത രാജാവാണ്. മാരായൻ മഹാരാജനാണ്. ബ്രഹ്മമാരായർ എന്നു പഴയ ലിഖിതങ്ങളിൽ കാണുന്ന മഹാരാജൻ എന്ന സ്ഥാനമുള്ള ബ്രാഹ്മണൻ എന്നർത്ഥം.

൩. ഗോവിന്ദപ്പിള്ള

കൃഷ്ണപിള്ളയ്ക്കു "പ" ഒന്നേ ഉള്ളെങ്കിലു ഗോവിന്ദപ്പിള്ളയ്ക്കു "പ" രണ്ടുണ്ട്. അതെന്തു നിയമം അനുസരിച്ചാണെന്നു കണ്ടുപിടിക്കണം. അതു വൈയാകരണൻെറ ജോലി. പറയുന്നവരും എഴുതുന്നവരും കൃഷ്ണപിള്ള എന്നും ഗോവിന്ദപ്പിള്ള എന്നുമേ പ്രയോ